## 15 -ാം കേരള നിയമസഭ

## 9 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 116** **08-08-2023 - ൽ മറുപടിയ്ക്ക്**

### എം.എൽ.എ. മാർക്കെതിരെ കാലടി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വിദ്യാർത്ഥി സംഘടന പ്രവർത്തകരെ നടപടിക്രമങ്ങൾ പാലിക്കാതെ അറസ്റ്റ് ചെയ്ത് ലോക്കപ്പിൽ അടച്ചതിനെ തുടർന്ന് കാലടി പോലീസ് സ്റ്റേഷനിൽ എത്തിച്ചേർന്ന നിയമസഭാ സാമാജികരോട് പോലീസ് അപമര്യാദയായി പെരുമാറുകയും കയ്യേറ്റം ചെയ്യുകയും ചെയ്തതായി പറയപ്പെടുന്ന സംഭവവുമായി ബന്ധപ്പെട്ട് ശ്രീ സനീഷ് കുമാർ ജോസഫ്, എം.എൽ.എ. ഡി.ജി.പി.ക്ക് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ നാളിതുവരെ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | (എ) | ശ്രീ.സനീഷ് കുമാർ ജോസഫ് എം.എൽ.എ, 29.07.2023-ന് സംസ്ഥാന പോലീസ് മേധാവിക്ക് നൽകിയ പരാതിയിൽ വിശദമായ അന്വേഷണം നടത്തുന്നതിനായി എറണാകുളം റേഞ്ച് ഡി.ഐ.ജി.ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | കുറ്റക്കാരായ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാതെ എം.എൽ.എ. മാർക്കെതിരെ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ ആയതിന്റെ അടിസ്ഥാനം എന്താണെന്ന് വ്യക്തമാക്കുമോ; | (ബി) | 16.07.2023 ന് അതിരാവിലെ കാലടി പോലീസ് സ്റ്റേഷനിലുണ്ടായ സംഭവങ്ങളുമായി ബന്ധപ്പെട്ട് കാലടി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 526/2023 പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അങ്കമാലി എം.എൽ.എ. ശ്രീ. റോജി എം. ജോൺ, ചാലക്കുടി എം.എൽ.എ. ശ്രീ. സനിഷ് കുമാർ ജോസഫ് എന്നിവർ കേസിന്റെ പ്രതിപ്പട്ടികയിൽ ഉൾപ്പെടുന്നു. പ്രസ്തുത കേസ് അന്വേഷണ ഘട്ടത്തിലാണ്. പോലീസ് ഉദ്യോഗസ്ഥർ അപമര്യാദയായി പെരുമാറുകയും, കയ്യേറ്റം ചെയ്തതായും കാണിച്ച് എം.എൽ.എ. മാർ സംസ്ഥാന പോലീസ് മേധാവിക്ക് സമർപ്പിച്ച പരാതിയും അന്വേഷണാവസ്ഥയിലാണ്. |
| (സി) | സാമാജികർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ അത് റദ്ദാക്കുന്നതിനും സംഭവത്തിന് ഉത്തരവാദികളായ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ ? | (സി) | ഉത്തരം (ബി) യിൽ ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ